# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2932** **20.03.2015-ൽ മറുപടിക്ക്**

**ശബരിമല പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| --- | --- |
| (എ) ശബരിമല തിരുവാഭരണ പാത യിലുള്ള പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം എന്നാണാരംഭിച്ചത്; ഇതിന്റെ നിർമ്മാണം ഇപ്പോഴും പൂർത്തിയാക്കാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇപ്പോൾ ഇതിന്റെ നിർമ്മാണത്തിന്റെ കരാർ ആർക്കാണ് ലഭിച്ചിട്ടുള്ളത്, എന്നുമുതലാണ് നിർമ്മാണം ആരംഭിച്ചത്, എത്ര തുകയാണ് ഇപ്പോൾ പാലത്തിന് അനുവദിച്ചിട്ടുള്ളത് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) 07.08.2012 ൽ ആരംഭിച്ചു. വേനൽക്കാലത്തും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനു വേണ്ടി മണിയാർ ഡാം തുറന്നു വിടുന്നതിനാൽ പുഴയിലെ വെള്ളം ഉയരുകയും പൈലിംഗിന്റെ പണികൾ 3 പ്രാവശ്യം നിർത്തിവെയ്ക്കുകയും ചെയ്തു. കാലവർഷം ഉണ്ടായതു മൂലം പൈലിംഗിനു വേണ്ടി നിർമ്മിച്ച താൽക്കാലിക ഐലന്റ് ഒഴുകിപ്പോകുകയും ചെയ്തു. ഇപ്പോൾ പൈലിംഗ് ജോലികൾ പുരോഗമിക്കുന്നുണ്ട്. Gregory Joseph, MD Contour Constructions PVT Ltd., Bhageeratha Square, 2nd Floor, Benergi road Kochin നാണ് ഇപ്പോൾ കരാർ ലഭിച്ചിട്ടുള്ളത്. 07.08.2012 മുതലാണ് നിർമ്മാണം ആരംഭിച്ചത്. പുതുക്കിയ ഭരണാനുമതി തുക 567 ലക്ഷം രൂപയാണ്. |
| (ബി) കരാർ പ്രകാരം നിർമ്മാണം എന്നാണ് പൂർത്തിയാക്കേണ്ടത്; എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതേ വരെ നടത്തിയിട്ടുള്ളത്; ഇനിയും എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തിയാ | (ബി) കരാർ പ്രകാരം 31.07.2014 ന് നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. പിയർ 2 ന്റെ 6 പൈലുകളും പിയർ 3 ന്റെ 1 പൈലും പണി കഴിഞ്ഞു. ബാക്കി പൈൽ വർക്കുകൾ പുരോഗമിക്കുന്നു. പിയർ 4 ഉം പിയർ 5 ഉം പൂർത്തീകരിച്ചിട്ടുണ്ട്. പിയർ 5 ന്റെ |

| | | | |
|---|---|---|---|
| | കാതെ കിടക്കുന്നത് എന്നീ വിവരങ്ങൾ അറിയിക്കാമോ; | | പെഡസ്റ്റൽ പൂർത്തീകരിച്ചു. പി1 ഓപ്പൺ ഫൗണ്ടേഷൻ, പി 2, പി 3 യുടെ പിയർ, എല്ലാ സ്പാനിന്റെയും ബീം & സ്ലാബ് ഉം അപ്രോച്ച് റോഡും ചെയ്യാനുണ്ട്. |
| (സി) | ഇപ്പോൾ നിർമ്മാണം നിർത്തി വെച്ചിരിക്കുകയാണോ എന്നും എങ്കിൽ ഇതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് പുനരാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (സി) | ഇപ്പോൾ നിർമ്മാണം നടന്നു കൊണ്ടിരിക്കുകയാണ്. |
| (ഡി) | പമ്പാനദിയിലെ ജലനിരപ്പ് കുറഞ്ഞിരിക്കുന്ന ഈ വേനൽക്കാലത്ത് ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | പൈൽ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ജല നിരപ്പിന് താഴെയുള്ള പ്രവൃത്തികൾ എത്രയും വേഗം തീർക്കുവാനാണ് ഉദ്ദേശം. |

Sd/-

സെക്ഷൻ ഓഫീസർ